## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 515 | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

### കേരളത്തിൽ ജി.എസ്.ടി നടപ്പിലാക്കിയതിന്റെ ഫലങ്ങൾ

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതു വഴി സംസ്ഥാനത്തിന് നികുതിയിനത്തിൽ മുൻ വർഷങ്ങളിൽ ലഭിച്ച നികുതിയുടെ തോതിൽ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. കേരളത്തിലെ മൊത്തം നികുതി വർദ്ധനവ് 2017 നവംബർ 30 വരെ 3.65 ശതമാനമാണ്. എന്നാൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന നഷ്ടപരിഹാരതുകയും കൂടി കണക്കിലെടുത്താൽ 14% വരും. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ എന്തൊക്കെ സാധനങ്ങളുടെ വിലയിൽ കുറവുണ്ടായി, എത്ര രൂപയുടെ കുറവ് | (ബി) | സാധനങ്ങളുടെ നികുതി നിരക്കിൽ നിരന്തരം മാറ്റം ഉണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ സ്ഥിരത ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| | വീതം ഉണ്ടായിട്ടുണ്ട് എന്ന് ഇനം തിരിച്ച വിശദമാക്കാമോ; | | ആയതിനാൽ ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ സാധനങ്ങളുടെ വിലയിൽ ഉണ്ടായ വ്യത്യാസം സംബന്ധിച്ച് ഇനം തിരിച്ച് വിശദമായ പഠനം നടത്തുവാൻ സാധിച്ചിട്ടില്ല . |
| (സി) | ജി.എസ്.ടി യുമായി ബന്ധപ്പെടുത്തി സാധനങ്ങളുടെ മേൽ അമിതമായി വിലയീടാക്കി ജനങ്ങളെ കൊള്ളയടിക്കാൻ ഒരു വിഭാഗം വ്യാപാരികൾ ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ശ്രമങ്ങളെ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം |

| | | | |
|---|---|---|---|
| | | | ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |
| (ഡി) | ഇത്തരം സംഭവങ്ങളുടെ പേരിൽ ഇതേവരെ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | കേസെടുത്തിട്ടില്ല. |
| (ഇ) | സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ വന്ന കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ആണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഇ) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷനും ആ മാസം ലഭിച്ച എൽ എൻ ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നവംബർ- ഡിസംബർ മാസങ്ങളിലേത് ഉടൻ ലഭ്യമാകും. ആയതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. |

സെക്ഷൻ ഓഫീസർ